# 1 വീട് നല്ല വീട്



## ആമുഖം

കുട്ടിക്ക് ഏറ്റവും പരിചിതമായ ഇടമാണ് സ്വന്തം വീടും ചുറ്റുപാടും. അതുകൊണ്ടാണ് ഒന്നാമത്തെ യൂണിറ്റിൽ ഈ പ്രമേയം സ്വീകരിച്ചിരിക്കുന്നത്. പലതരം വീടുകൾ, വീടിന്റെ ആവശ്യകത, വീട്ടിലെ വിവിധ മുറികളും അവയുടെ ഉപയോഗങ്ങളും, വീട്ടുപകരണങ്ങൾ, മറ്റു ജീവികളുടെ പാർപ്പിടങ്ങൾ തുടങ്ങിയ ആശയങ്ങൾ ഈ യൂണിറ്റിലൂടെ വിനിമയം ചെയ്യുന്നുണ്ട്. കുടുംബാംഗങ്ങൾ, അവർ തമ്മിലുള്ള പരസ്പര ബന്ധം, ഓരോരുത്തരുടെയും കടമകൾ എന്നിവ തിരിച്ചറിയാനും ഈ യൂണിറ്റ് സഹായകമാവണം.

ഉത്തരവാദിത്തത്തോടെ പ്രവർത്തിക്കാനും പരസ്പരസ്നേഹം, സഹജീവിസ്നേഹം, മുതിർന്നവരെ ബഹുമാനിക്കുക തുടങ്ങിയ മനോഭാവങ്ങൾ രൂപപ്പെടാനും ഈ യൂണിറ്റിലൂടെ കടന്നുപോകുമ്പോൾ സാധിക്കേണ്ടതാണ്.



## യൂണിറ്റ് ഫ്രെയിം

### ഭാഷ

| ആശയങ്ങൾ/ ശേഷികൾ | വ്യവഹാരരൂപങ്ങൾ/ ഭാഷാ വസ്തുതകൾ/ഊന്നൽ അക്ഷരങ്ങൾ | പഠനനേട്ടങ്ങൾ |
|---|---|---|
| • കഥാപാത്രങ്ങൾ, സംഭവങ്ങൾ എന്നിവയടങ്ങിയ ചിത്രങ്ങൾ വായിക്കൽ (ഒറ്റനോട്ടത്തിലും ആഴത്തിലും).<br>• സർഗാത്മക പ്രകടനത്തിന് അവസരം നൽകിക്കൊണ്ട് സൂക്ഷ്മപേശീവികാസത്തിനുതകുന്ന ചിത്രംവര, നിറം നൽകൽ, നിർമാണപ്രവർത്തനങ്ങൾ എന്നിവയിൽ ഏർപ്പെടൽ.<br>• കുട്ടിക്കവിതകൾ ആംഗ്യത്തോടെയും താളത്തോടെയും ഒറ്റയ്ക്കും സംഘമായും പാടി അവതരിപ്പിക്കൽ.<br>• താളത്തോടെ ചൊല്ലുന്ന കുട്ടിക്കവിതകൾ കേട്ട് ആസ്വദിക്കൽ.<br>• വായനസാമഗ്രികളിൽനിന്ന് ആവർത്തിച്ചുവരുന്ന പദങ്ങൾ തിരിച്ചറിഞ്ഞ് പദങ്ങൾ വായിക്കൽ (Graphic reading).<br>• അക്ഷരങ്ങൾ തിരിച്ചറിഞ്ഞ് പദങ്ങൾ വായിക്കൽ.<br>• ഉച്ചാരണശുദ്ധിയോടെ പദങ്ങൾ, വാക്യങ്ങൾ എന്നിവ വായിക്കൽ.<br>• അക്ഷരങ്ങളുടെ ആലേഖന ക്രമം തിരിച്ചറിയുകയും എഴുതുകയും ചെയ്യൽ. | പരിചയപ്പെടുത്തുന്ന വ്യവഹാരരൂപങ്ങൾ<br>• കഥ, സംഭാഷണം, കവിത<br>രചനാവ്യവഹാരരൂപങ്ങൾ<br>• കവിത<br>അക്ഷരങ്ങൾ<br>ര റ ത ന പ വ<br>കൂട്ടക്ഷരങ്ങൾ<br>ന്ന<br>പ്രയോഗങ്ങൾ<br>ചാടിച്ചാടി<br>പാറിപ്പാറി<br>നടന്നുനടന്ന്<br>നുറുനുറ്<br>തത്തേ, തത്തേ... | • ചിത്രങ്ങളിലെ ആശയങ്ങൾ കണ്ടെത്തി ലഘുവാക്യങ്ങളിൽ പറയുന്നു.<br>• ലിപികൾ തിരിച്ചറിയാതെ തന്നെ തന്റെ ആശയങ്ങൾ രേഖപ്പെടുത്തിയത് (പദങ്ങൾ, വാക്യങ്ങൾ) വായിക്കുന്നു. (Graphic reading)<br>• സ്വന്തം ആശയങ്ങൾ വ്യത്യസ്ത രീതിയിൽ (വാചികം, അഭിനയം, ചിത്രംവര, നിർമാണം) പ്രകടിപ്പിക്കുന്നു.<br>• പാഠഭാഗത്തുനിന്ന് ലിപികൾ തിരിച്ചറിഞ്ഞ് നിശ്ചിത പദങ്ങൾ കണ്ടെത്തുകയും വായിക്കുകയും ചെയ്യുന്നു.<br>• പാട്ടുകൾ ഈണത്തോടെയും താളത്തോടെയും ഒറ്റയ്ക്കും സംഘമായും അവതരിപ്പിക്കുന്നു.<br>• കവിതയിലെ ആശയം ഉൾക്കൊണ്ട് താളം പരിഗണിച്ച് വരികൾ കൂട്ടിച്ചേർത്ത് പാടുന്നു.<br>• സ്വായത്തമായ അക്ഷരങ്ങൾ കൂട്ടിച്ചേർത്ത് അർഥപൂർണമായ പദങ്ങൾ എഴുതുന്നു. |

## യൂണിറ്റ് ഫ്രെയിം

## ഭാഷ

| ആശയങ്ങൾ/ശേഷികൾ | വ്യവഹാരരൂപങ്ങൾ/ഭാഷാ വസ്തുതകൾ/ഊന്നൽ അക്ഷരങ്ങൾ | പഠനനേട്ടങ്ങൾ |
|---|---|---|
| | | • ചിത്രങ്ങൾ നിരീക്ഷിച്ചും കാര്യങ്ങൾ കേട്ടും ആശയങ്ങൾ ഗ്രഹിക്കുന്നു, വാചികമായി പ്രകടിപ്പിക്കുന്നു.<br>• വാക്യങ്ങൾ, അക്ഷരങ്ങൾ എന്നിവയുടെ ഗ്രാഫ് നിരീക്ഷിച്ചും ഉച്ചാരണം ശ്രവിച്ചും ആശയം ഗ്രഹിക്കുകയും വായിക്കുകയും ചെയ്യുന്നു.<br>• പാട്ടുകളിലെ ഈണം, താളം എന്നിവ തിരിച്ചറിഞ്ഞ് ഒറ്റയ്ക്കും സംഘമായും അവതരിപ്പിക്കുന്നു.<br>• സ്വന്തം ആശയങ്ങൾ വ്യത്യസ്ത രീതിയിൽ (വാചികം, അഭിനയം, ചിത്രംവര, നിർമാണം) പ്രകടിപ്പിക്കുന്നു.<br>• സ്വായത്തമാക്കിയ അക്ഷരങ്ങൾ കൂട്ടിച്ചേർത്ത് അർഥപൂർണമായ പദങ്ങൾ, വാക്യങ്ങൾ, ആശയങ്ങൾ എഴുതുന്നു. |

## യൂണിറ്റ് ഫ്രെയിം

## പരിസരപഠനം

| ആശയങ്ങൾ/ധാരണകൾ | പ്രക്രിയാശേഷികൾ | പഠനനേട്ടങ്ങൾ |
|---|---|---|
| • നാം വീടുകളിൽ പാർക്കുന്നു.<br>• മറ്റ് ജീവികൾക്കും പാർപ്പിടങ്ങളുണ്ട്.<br>• വീടുകൾ പലതരം ഉണ്ട്.<br>• വീടുകൊണ്ട് നിരവധി പ്രയോജനങ്ങളുണ്ട്. (മഴ, വെയിൽ, ചൂട്, തണുപ്പ് എന്നിവയിൽ നിന്നു രക്ഷ നൽകുന്നു. മറ്റു ജീവികളിൽനിന്നു രക്ഷ നൽകുന്നു – വിശ്രമത്തിന്, സാധനങ്ങൾ സൂക്ഷിക്കുന്നതിന് തുടങ്ങിയവ...)<br>• വീടുകളിൽ വ്യത്യസ്ത ആവശ്യങ്ങൾക്കായി വിവിധ മുറികൾ/സൗകര്യങ്ങൾ ഉണ്ട്.<br>• വീട്ടിൽ വിവിധതരം ഉപകരണങ്ങൾ ഉപയോഗിക്കുന്നു. (അടുക്കള ഉപകരണങ്ങൾ, ഫർണിച്ചറുകൾ, വൈദ്യുത ഉപകരണങ്ങൾ) **കുടുംബാംഗങ്ങൾക്ക്** ചില ചുമതലകളുണ്ട്. വീട്ടിലെയും പുറത്തെയും ജോലികൾ, ഉത്തരവാദിത്തങ്ങൾ....)<br>• കുടുംബാംഗങ്ങൾ പരസ്പരം ആശ്രയിച്ചു കഴിയുന്നു. | • നിരീക്ഷണത്തിലൂടെ (പരമാവധി ഇന്ദ്രിയാനുഭവങ്ങളിലൂടെ) വിവരങ്ങൾ ശേഖരിക്കുകയും കണ്ടെത്തിയ കാര്യങ്ങൾ പങ്കുവയ്ക്കുകയും ചെയ്യുന്നു.<br>• വിവരങ്ങൾ വിശകലനം ചെയ്ത് സാമ്യവ്യത്യാസങ്ങൾ കണ്ടെത്തുന്നു.<br>• പ്രത്യേകതകൾ കണ്ടെത്തി/മാനദണ്ഡങ്ങൾ തിരിച്ചറിഞ്ഞ് വർഗീകരിക്കുന്നു.<br>• നിരീക്ഷിച്ച വിവരങ്ങൾ വിശകലനം ചെയ്തും അപഗ്രഥിച്ചും സ്വന്തം കണ്ടെത്തലുകൾ (നിഗമനം) പങ്കുവയ്ക്കുന്നു. | • വീടിന്റെ ആവശ്യകത തിരിച്ചറിഞ്ഞ് വിശദീകരിക്കുന്നു.<br>• വീട്ടിൽ അവശ്യം വേണ്ട സൗകര്യങ്ങൾ എന്തൊക്കെയെന്ന് യുക്തിപൂർവം പറയുന്നു.<br>• വിവിധ വീട്ടുപകരണങ്ങൾ ഏതൊക്കെയെന്ന് തിരിച്ചറിയുകയും തരംതിരിക്കുകയും യുക്തി വിശദമാക്കുകയും ചെയ്യുന്നു.<br>• വീട്ടിലെ അംഗങ്ങൾ ഏർപ്പെട്ടിരിക്കുന്ന വിവിധ ജോലികളെക്കുറിച്ചും ചുമതലകളെക്കുറിച്ചും മനസ്സിലാക്കി വിശദമാക്കുന്നു. |

## പാഠഭാഗത്തേക്ക്

### ചിത്രവായന

**പ്രവർത്തനം - 1**

ഭാഷണത്തിനുള്ള കഴിവുകൾ വികസിപ്പിക്കുന്നതിനും സൂക്ഷ്മമായ നിരീക്ഷണത്തെ സഹായിക്കുന്നതിനും ചിത്രവായന എന്ന പ്രവർത്തനം പ്രയോജനപ്പെടുത്താം(പേജ് 8, 9). ചിത്രം വായിക്കപ്പെടുന്ന ഒരു ടെക്സ്റ്റ് ആയാണ് കാണേണ്ടത്. ഒന്നാം ഭാഗത്തെ എല്ലാ യൂണിറ്റുകളിലും പുനസ്സന്ദർശനം നടത്താൻ സാധ്യമാകുന്ന തരത്തിലാണ് ആമുഖചിത്രം രൂപപ്പെടുത്തിയിട്ടുള്ളത്. ഈ ചിത്രത്തെ എങ്ങനെയൊക്കെ പ്രയോജനപ്പെടുത്താം?

- ചിത്രം നോക്കി കഥാപാത്രങ്ങൾ, സംഭവങ്ങൾ എന്നിവയെക്കുറിച്ച് പറയുന്നതിന്.
- ചിത്രത്തിലെ സന്ദർഭങ്ങൾ അനുകരിച്ച് കാണിക്കുന്നതിന്.
- സ്വന്തം അനുഭവങ്ങളുമായി ബന്ധിപ്പിച്ചു പറയുന്നതിന്.
- ചിത്രവുമായി ബന്ധപ്പെട്ട കാര്യങ്ങൾ വരച്ചു പ്രകടിപ്പിക്കുന്നതിന്.
- കഥാപാത്രങ്ങൾക്ക് പേരിടുന്നതിന്.
- കഥാപാത്രങ്ങൾ തമ്മിലുള്ള സംഭാഷണങ്ങൾ രൂപീകരിക്കുന്നതിന്.
- ചിത്രങ്ങളിലെ സന്ദർഭങ്ങളിൽനിന്ന് കഥ രൂപീകരിക്കുന്നതിന്.
- ചിത്രങ്ങളുമായി ബന്ധപ്പെട്ട ചോദ്യങ്ങൾ നിർമിച്ച് ചോദിക്കുന്നതിന്.

ഇതുപോലെ നിരവധി സാധ്യതകൾ ഇനിയും കണ്ടെത്താവുന്നതാണ്. ചിത്രവായനയുടെ എല്ലാ സാധ്യതകളും ഒരുമിച്ച് നൽകേണ്ടതാണോ? പാഠഭാഗത്തെ ഓരോ സന്ദർഭങ്ങളുമായി ബന്ധപ്പെടുത്തി നൽകുന്നതല്ലേ ഉചിതം?

### വരയ്ക്കാം, നിറം നൽകാം

**പ്രവർത്തനം - 2**

(പാഠപുസ്തകം, പേജ് - 10)

ആമുഖചിത്രത്തിൽ വീട്, മറ്റു ജീവികളുടെ പാർപ്പിടങ്ങൾ എന്നിവയെക്കുറിച്ച് ചർച്ച നടത്താം. പ്രാക്-ലേഖനത്തിന്റെ ഭാഗമായി സൂക്ഷ്മപേശീവികാസത്തിനും ചിത്രത്തെക്കുറിച്ച് ഭാഷണം ചെയ്യുന്നതിനുമുള്ള പ്രവർത്തനമാണിത്. ചിത്രത്തിൽ ഏത് പാർപ്പിടമാണ് ഏറ്റവും വലുത്? ആ വീടിനെക്കുറിച്ച് എന്തൊക്കെ പറയാം? ചർച്ച. ഓരോരുത്തരും അവരുടെ വീട് കടലാസിൽ/ തറയിൽ/ബോർഡിൽ വരയ്ക്കട്ടെ.

- എല്ലാവരും വരച്ച ചിത്രങ്ങൾ ഒരുപോലെയാണോ?

ചിത്രങ്ങൾ പരസ്പരം കാണാനുള്ള അവസരം നൽകുന്നു.



- ഓരോ ചിത്രത്തെക്കുറിച്ചും കുട്ടികൾ അഭിപ്രായങ്ങൾ പറയുന്നു.
- വീടിന്റെ ഭാഗങ്ങൾ വരച്ചിട്ടുണ്ടോ? ചിത്രത്തിന് വീടിന്റെ ആകൃതിയുണ്ടോ?

ചർച്ചയ്ക്കുശേഷം സ്വന്തം ചിത്രം മെച്ചപ്പെടുത്തി പാഠപുസ്തകത്തിൽ വരച്ച് നിറം കൊടുക്കുന്നു.





- വീടിന്റെ ഭാഗങ്ങൾ ഉൾപ്പെടുത്തി വരച്ചവർ ആരൊക്കെ?
- ആദ്യം വരച്ചതിൽനിന്ന് മെച്ചപ്പെടുത്തി വരച്ചവർ ആരൊക്കെ?
- ചിത്രം വരയിൽ ഇനിയും എന്തൊക്കെ ഫീഡ്ബാക്കുകൾ ഞാൻ നൽകണം? എങ്കിൽ എന്തൊക്കെ ചെയ്യണം?
- ഓരോ കുട്ടിയും പുസ്തകം, വരയ്ക്കാനുള്ള ഉപകരണങ്ങൾ എന്നിവ എങ്ങനെ ഉപയോഗിക്കുന്നു, എല്ലാവരുടെയും പങ്കാളിത്തം എങ്ങനെ ഉറപ്പു വരുത്തണം? കുട്ടികളെ എങ്ങനെ ഇരുത്തണം, എത്ര സമയം നൽകണം?
- അവരെ പ്രോത്സാഹിപ്പിക്കുന്ന ഫീഡ്ബാക്കുകൾ നൽകണം. കുട്ടികൾക്കു പരസ്പരം ഇടപെടാനുള്ള അവസരം നൽകണം.

പാഠം (പാഠപുസ്തകം, പേജ് 10) **പ്രവർത്തനം - 3**

കുട്ടിക്കവിതകൾ താളാത്മകമായി ചൊല്ലുന്നത് കേട്ടാസ്വദിക്കാനും ചൊല്ലാനും കഴിയുന്നതിനാണ് ഈ പ്രവർത്തനം.

അവതരണം എങ്ങനെയാവാം?

കുട്ടികൾ വരച്ച ചിത്രത്തെ അടിസ്ഥാനമാക്കി പാട്ട് അവതരിപ്പിക്കൽ.

പാട്ട് എഴുതിയ ചാർട്ട് പ്രദർശിപ്പിക്കുന്നു.

ടീച്ചർ താളാത്മകമായി പാടുന്നു.

ടീച്ചറും കുട്ടികളും ചേർന്ന് പലതവണ പാടി പാട്ട് പരിചിതമാക്കണം.

ഈ പ്രവർത്തനത്തിന് മറ്റെന്തെല്ലാം സാധ്യതകളുണ്ട്?





പാട്ടിൽ വീട് എന്ന എഴുതിയ സ്ഥലത്ത്  ചിത്രം വരച്ചുചേർത്ത മറ്റൊരു ചാർട്ട് പ്രദർശിപ്പിക്കുന്നു. (ബിഗ് കാൻവാസിൽ).

വീടിന്റെ ചിത്രമുള്ള സ്ഥലത്ത് വീട് എന്നെഴുതിയ കാർഡുകൾ പതിപ്പിച്ചു (ഫ്ളാനൽബോർഡിൽ/ബിഗ് കാൻവാസിൽ) പാട്ടുപാടൽ.


 നല്ല 

ഞാൻ വരച്ച 

എന്തു നല്ല 

എന്റെ സ്വന്തം 

- ഓരോ സംഘമായി പാടൽ
- വ്യക്തിഗതമായി പാടൽ
- വീട് പദം പാഠപുസ്തകത്തിൽ നിന്ന് കണ്ടെത്തി അടിയിൽ വരയ്ക്കൽ.




ഈ പ്രവർത്തനത്തെ എങ്ങനെ വിലയിരുത്താം?

- പാടാനുള്ള ശേഷി.
- എല്ലാവരും ഒരുമിച്ച് തുടങ്ങുകയും ഒരുമിച്ച് അവസാനിപ്പിക്കുകയും ചെയ്തിരുന്നോ?

**വീട് വരയ്ക്കാം, നിറം നൽകാം** **പ്രവർത്തനം - 4**

സ്റ്റെൻസിൽ/കട്ടൗട്ട് ഉപയോഗിച്ച് നോട്ട്ബുക്കിൽ വരച്ച് നിറം കൊടുക്കുന്നു. (ചെറുത്/വലുത് വീടുകൾ) വരച്ചത് ഗണിതപ്രവർത്തനങ്ങൾക്ക് പ്രയോജനപ്പെടുത്തുമല്ലോ.



കാർഡ്ബോർഡ്, എക്സ്റേ ഷീറ്റ്, അക്രലിക് ഷീറ്റ് ഉപയോഗിച്ച് സ്റ്റെൻസിൽ/ കട്ടൗട്ടുണ്ടാക്കാം.

**താരയുടെ കുഞ്ഞിക്കോഴി** **പ്രവർത്തനം - 5**

(പാഠപുസ്തകം, പേജ് - 11)



*ഒന്നാം തരത്തിൽ ആദ്യമായി പാഠം അവതരിപ്പിക്കുന്ന സന്ദർഭമാണിത്. കുട്ടിയെ വായനയിലേക്കും എഴുത്തിലേക്കും നയിക്കുന്നതിനുള്ള പ്രവർത്തനമാണിത്.*

ഈ പാഠത്തിലെ പ്രധാന കഥാപാത്രമായ താരയെ പരിചയപ്പെടുത്താൻ എന്തൊക്കെയാവാം?

- ഡിസ്പ്ലേബോർഡിൽ/മണൽത്തടത്തിൽ താരയുടെ ചിത്രം/മാതൃക പ്രദർശിപ്പിക്കുന്നു.
- ആഖ്യാനം അവതരിപ്പിച്ച്
- കടലാസിൽ പെൺകുട്ടിയുടെ രൂപം മുറിച്ചെടുത്ത് മുഖം, ഉടുപ്പ് വരച്ചു ചേർക്കുന്നു. കൊളാഷ് രീതിയിൽ കളർപേപ്പർ തുണ്ടുകൾ ഒട്ടിച്ചും (ചിത്രം). കുട്ടികൾ ഉണ്ടാക്കിയ പെൺകുട്ടിക്ക് പേരിടൽ. ടീച്ചർ കടലാസിൽ നിർമിച്ച പെൺകുട്ടിക്ക് 'താര' എന്ന പേരിട്ടുകൊണ്ട് അവതരണം.

താര എന്തു ചെയ്തുവെന്ന് നോക്കാം.



**ആശയരൂപീകരണത്തിന് സഹായകമായ പ്രവർത്തനങ്ങളെ കണ്ണിചേർത്തിരിക്കുന്ന ആഖ്യാനങ്ങളാണ് രൂപീകരണപാഠങ്ങൾ. ഇവിടെ കഥയുടെ ചരടിൽ കോർത്താണ് പാഠം വികസിക്കുന്നത്. ഈ രൂപീകരണപാഠങ്ങൾ, ആഖ്യാനം അവതരിപ്പിക്കുന്ന രീതിയിൽ ടീച്ചർ ഭാവത്തോടെയും ഉച്ചാരണശുദ്ധിയോടെയും വായിച്ചുകൊടുക്കേണ്ടതാണ്. മുഴുവൻ പാഠഭാഗവും വായനാ പ്രക്രിയയ്ക്കു വിധേയമാക്കേണ്ടതില്ല. എന്നാൽ ഊന്നൽ അക്ഷരങ്ങൾ വരുന്ന പദങ്ങൾ ഉൾപ്പെടുന്ന ഭാഗങ്ങൾ പ്രയോജനപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്. വായന, രചനാപ്രവർത്തനങ്ങൾക്കായി ഉൾപ്പെടുത്തിയ പാഠഭാഗത്തെ പ്രക്രിയാബന്ധിതമായി അവതരിപ്പിക്കുക തന്നെ വേണം.**

**ആഖ്യാനം, അവതരണം**

'താരവന്നു ............ താര നോക്കിനിന്നു'(കുട്ടികൾ പുസ്തകം തുറക്കേണ്ടതില്ല) എന്നുവരെയുള്ള ഭാഗം മാത്രം ആദ്യഘട്ടത്തിൽ അവതരിപ്പിച്ചാൽ മതി.

**അഭിനയിക്കാം** **പ്രവർത്തനം - 6**

രണ്ടംഗ ഗ്രൂപ്പിൽ താരയും കുഞ്ഞിക്കോഴിയുമായി മാറുന്നു. അവതരിപ്പിച്ച പാഠഭാഗം അഭിനയിച്ചു കാണിക്കുന്നു. തുടർന്ന് കഥാപാത്രങ്ങൾ പരസ്പരം മാറി അഭിനയിക്കുന്നു.

കുഞ്ഞിക്കോഴിയും താരയും ചെയ്ത എല്ലാ കാര്യങ്ങളും എല്ലാവരും കൃത്യമായി അറിഞ്ഞിരുന്നോ? പാഠഭാഗം ടീച്ചറും കുട്ടികളും ചേർന്ന് ഒന്നുകൂടി വായിക്കുന്നു.(ചാർട്ട്)

- പാഠത്തിൽനിന്ന് കണ്ടെത്തി വട്ടം വരയ്ക്കാം. (പാഠപുസ്തകത്തിലെ പേജ് - 12)

കൂടു തുറക്കാൻ ആരാണ് വന്നത്?

| താര വന്നു. |
|---|

കുഞ്ഞിക്കോഴി പുറത്തുവന്നപ്പോൾ താര എന്തു ചെയ്തു?

| അരി വിതറി. |
|---|

അരി തിന്നതാര്?


| കുഞ്ഞിക്കോഴി തിന്നു. |
|---|

കുട്ടികളോടുള്ള ചോദ്യത്തിന് പ്രതികരണമായി പറയുന്ന ഉത്തരം എന്തുതന്നെയായാലും ടീച്ചർ ബോധപൂർവം ബോക്സിൽ കൊടുത്ത വാക്യങ്ങൾതന്നെ ഉറക്കെ പറഞ്ഞുകൊണ്ട് കുട്ടികൾ കാണത്തക്കവിധം ചാർട്ടിൽ എഴുതണം.

അക്ഷരങ്ങളുടെ ആലേഖനക്രമം, ഇടത്തു നിന്ന് വലത്തോട്ടാണ് എഴുതുന്നത് തുടങ്ങിയ കാര്യങ്ങൾ കുട്ടികൾ തിരിച്ചറിയണം.

ത, ര, റ, വ, ന്ന എന്നീ അക്ഷരങ്ങൾക്കാണ് ഈ രൂപീകരണ പാഠങ്ങളിൽ ഊന്നൽ നൽകുന്നത്. ആഖ്യാനത്തിലെ ഏറ്റവും പ്രധാന ആശയങ്ങൾ വരുന്നവിധം പാഠഭാഗത്തുനിന്നു ടെക്സ്റ്റ് രൂപീകരിക്കുകയാണ് ചെയ്തത്. തുടക്കത്തിൽ ടെക്സ്റ്റ് രൂപീകരിക്കുമ്പോൾ എന്തൊക്കെയാണ് പരിഗണിക്കേണ്ടത്?





- കുട്ടിയുടെ പ്രതികരണത്തെ പ്രതിഫലിപ്പിക്കുന്നത്.
- ഊന്നൽ അക്ഷരങ്ങൾക്ക് തെളിവുകൾ ലഭിക്കുന്നത്.
- രണ്ടോ മൂന്നോ പദങ്ങൾ വരുന്ന വാക്യങ്ങൾ.
- കുറഞ്ഞ എണ്ണം വാക്യങ്ങൾ അടങ്ങിയത്.
- ആശയപൂർണതയുള്ളത്.

മുന്നറിവും ആർജിതപദാവലിയും പരിഗണിച്ചുകൊണ്ട് ടീച്ചർ ചില ലക്ഷ്യങ്ങൾ മുൻനിർത്തി ബോധപൂർവം വാക്യങ്ങളിൽ ആവശ്യമായ മാറ്റം വരുത്തിയാണ് ടെക്സ്റ്റ് രൂപീകരിക്കേണ്ടത്. കുട്ടികളുടെ ഭാഷാശേഷി നിലവാരമനുസരിച്ച് രൂപീകരിക്കുന്ന ടെക്സ്റ്റിൽ ആവശ്യമായ മാറ്റം വരുത്തുന്നതിനുള്ള സ്വാതന്ത്ര്യം അധ്യാപികയ്ക്കുണ്ട്. മേൽകൊടുത്തത് ഒരു മാതൃക മാത്രമാണ്.

**ആശയാവതരണരീതിയിൽ പാഠം അവതരിപ്പിക്കുന്ന ഘട്ടങ്ങൾ ഏതൊക്കെയാണ്?**

**(ആദ്യ യൂണിറ്റിൽ ഇതിൽ ഏതു ഘട്ടം വരെ പരിഗണിക്കും?)**

- ഓരോ വാക്യവും രൂപീകരിച്ച് ചാർട്ടിൽ പറഞ്ഞുകൊണ്ട് എഴുതുന്നു.
- ടീച്ചർ ഓരോ പദവും തൊട്ടുകൊണ്ട് വാക്യം വായിക്കുന്നു.

തുടർന്ന് കുട്ടികൾ വായിക്കുന്നു.

- രൂപീകരിച്ച ടെക്സ്റ്റിലെ എല്ലാ വാക്യങ്ങളും അവതരിപ്പിച്ചശേഷം ഓരോ വാക്യമായി വായിക്കൽ.

- ഓരോ വാക്യം മാത്രം എഴുതിയ സ്ട്രിപ്പുകൾ നൽകുന്നു. അവ വായിക്കുന്നു.
- വാക്യങ്ങളുടെ സ്ട്രിപ്പുകൾ ക്രമപ്പെടുത്തി വയ്ക്കുന്നു, ചാർട്ടുമായി പൊരുത്തപ്പെടുത്തി വായിക്കുന്നു.
- വാക്യങ്ങൾ പദങ്ങളായി മുറിച്ച് പദക്കാർഡുകൾ നൽകുന്നു. പദങ്ങൾ ചേർത്തു വച്ച് വാക്യങ്ങൾ നിർമിക്കുന്നു. പദങ്ങൾ വായിക്കുന്നു.
- ടെക്സ്റ്റിൽ നിശ്ചിത പദങ്ങൾ കണ്ടെത്തി അടിവരയിടുന്നു.
- ഊന്നൽ അക്ഷരങ്ങൾ വരുന്ന പദങ്ങൾ മുറിച്ച് അക്ഷരക്കാർഡുകൾ ആക്കി നൽകുന്നു. അക്ഷരങ്ങൾ ചേർത്തു വച്ച് വാക്യത്തിലെ പദങ്ങൾ രൂപീകരിക്കുന്നു, വായിക്കുന്നു.

ഈ പാഠത്തിൽ ചിഹ്നങ്ങൾ പരിചയപ്പെടുത്താത്തതിനാൽ അക്ഷരങ്ങളോടൊപ്പമുള്ള ചിഹ്നങ്ങൾ മുറിക്കേണ്ടതില്ല.

താര വന്നു. | താര | വന്നു | താ | ര | വ | ന്നു

അരി വിതറി. | അരി | വിതറി | അ | രി | വി | ത | റി

കോഴി തിന്നു.

അക്ഷരങ്ങളിൽനിന്ന് പുതിയ പദങ്ങൾ നിർമിക്കൽ.

ര | വി

വ | ര

വ | രി

വി | രി

ത | രി | ത | ന്നു

തി | രി

തി | ര

പുതിയ വാക്യങ്ങൾ/ആശയങ്ങൾ

രവി വന്നു.

തിരി തന്നു.

വന്നു | നിന്നു | തിന്നു | തുറന്നു.

**വായന രസകരമാക്കാൻ മറ്റെന്തെല്ലാം തന്ത്രങ്ങളാവാം?**

- പുറത്തേക്ക് ശബ്ദം വരാത്തവിധം ചുണ്ടനക്കി പദം വായിക്കൽ - കുട്ടികൾ നിശ്ചിതപദം പാഠഭാഗത്തു കണ്ടെത്തൽ.
- ബ്ലാക്ക്ബോർഡിലോ വായുവിലോ (തിരിഞ്ഞു നിന്നുകൊണ്ട്) വിരൽചൂണ്ടി പദം എഴുതിക്കാണിക്കുന്നു.
- കുട്ടികൾ പദം ഏതെന്നു കണ്ടെത്തി പറയൽ.

പാഠപുസ്തകത്തിൽ ഈ പദങ്ങൾക്ക് ചുറ്റും വട്ടം വരയ്ക്കുന്നു, ഉറക്കെ വായിക്കുന്നു.

### വരച്ചു യോജിപ്പിക്കാം

പ്രവർത്തനം - 7

പാഠപുസ്തകത്തിലെ പേജ് 14 പൂർത്തിയാക്കൽ. കുട്ടികൾ വ്യക്തിഗതമായി പാഠപുസ്തകപ്രവർത്തനം ചെയ്യണമെങ്കിൽ - പ്രാരംഭപ്രവർത്തനം എങ്ങനെയായിരിക്കും? പാഠപുസ്തകം പരസ്പരം കൈമാറി ഓരോരുത്തരും എഴുതിയത് ശരിയാണോ എന്നു പരിശോധിക്കുന്നു. ടീച്ചർ പരിശോധിച്ച് ഉറപ്പുവരുത്തുന്നു.

വരച്ചു യോജിപ്പിക്കാനുള്ള പദങ്ങൾ ബ്ലാക്ക്ബോർഡിൽ എഴുതൽ, പൊതുവായ ചർച്ച.

**വായിക്കാം, എഴുതാം** പ്രവർത്തനം - 8

പാഠപുസ്തകത്തിൽ പ്രവർത്തനം വ്യക്തിഗതമായി പൂർത്തീകരിക്കുന്നു. തുടർന്ന് നോട്ട് ബുക്കിൽ എഴുതുന്നു.




താര വന്നു.
കൂടു തുറന്നു.
അരി തിന്നു.

അരി തിന്നത് ആരാണ്?

എന്തൊക്കെ കാര്യങ്ങൾ വിലയിരുത്തലിന് വിധേയമാക്കണം?




- പദങ്ങൾ തിരിച്ചറിഞ്ഞ് വായിക്കാനുള്ള ശേഷി.
- ശബ്ദവും ലിപിയും പൊരുത്തപ്പെടുത്തി വായിക്കാനുള്ള ശേഷി.
- ആലേഖനക്രമം പാലിച്ച് എഴുതാനുള്ള ശേഷി.


ചിത്രം നിരീക്ഷിക്കുന്നു (പേജ് 12). ചിത്രത്തിൽ എന്താണ് കാണുന്നത്?
താ... അ... വി...റി പൂരിപ്പിക്കുന്നു. (പാഠപുസ്തകം പേജ് 12) പൂർത്തിയാക്കുന്നു.




താര അരി വിതറി.
........ അരി തിന്നു.

**കുഞ്ഞിക്കോഴിയെ വരയ്ക്കാം** പ്രവർത്തനം - 9

*സൂക്ഷ്മപേശി വികാസത്തിനുതകുന്ന പ്രവർത്തനമാണിത്.*






എന്റെ പാട്ടുപുസ്തകത്തിൽ കോഴിക്കുഞ്ഞിനെക്കുറിച്ചുള്ള എത്ര പാട്ടുകളുണ്ട്?

കുഞ്ഞിക്കോഴിയുടെ ചിത്രം നോട്ട്ബുക്കിൽ വരയ്ക്കുന്നു.
ഇനി കോഴിക്കുഞ്ഞിനെക്കുറിച്ച് ഒരു പാട്ടു പാടിക്കൊടുക്കൂ...

കുഞ്ഞിക്കുഞ്ഞിക്കോഴി
മഞ്ഞ കുഞ്ഞിക്കാല്
കുഞ്ഞിക്കുഞ്ഞി കൊക്കാൽ
കീയോകീയോ പാടി

എന്റെ പാട്ടുപുസ്തകത്തിൽ കോഴിക്കുഞ്ഞിനെക്കുറിച്ചുള്ള എത്ര പാട്ടുകളുണ്ട്?


**കുഞ്ഞിക്കോഴി അരി തിന്നത് ആരൊക്കെ കണ്ടു?** പ്രവർത്തനം - 10

പാഠപുസ്തകം പേജ് -11 ലെ ചിത്രം നിരീക്ഷിച്ചു കുട്ടികൾ പ്രതികരിക്കുന്നു. പ്രതികരണം ടീച്ചർ ചാർട്ടിൽ/ബ്ലാക്ക്ബോർഡിൽ എഴുതുന്നു.

പരുന്തു കണ്ടു.
കാക്ക കണ്ടു.
തത്ത കണ്ടു.

അധ്യാപികയും കുട്ടികളും വായിക്കുന്നു.
വിട്ടുപോയത് ആരുടെ പേരാണ്?
തത്തയും കണ്ടു എന്നത് പാഠപുസ്തകത്തിൽ എഴുതുന്നു.

**ടീച്ചർ വിലയിരുത്തുന്നു**




- ഗ്രാഫിക് വായന, ഗ്രാഫിക് എഴുത്ത് എന്നിവയിൽ എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പുവരുത്തിയോ?
- എല്ലാ കുട്ടികൾക്കും ഊന്നൽ അക്ഷരങ്ങളടങ്ങിയ പദങ്ങൾ വായിക്കാൻ കഴിയുന്നുണ്ടോ?
- ഗ്രാഫിക് വായന, ഗ്രാഫിക് എഴുത്ത് എന്നിവയ്ക്ക് എത്രമാത്രം പുനരവസരം നൽകിയിട്ടുണ്ട്?
- ഗ്രാഫിക് വായന, ഗ്രാഫിക് എഴുത്ത് എന്നിവയുടെ പ്രക്രിയയിൽ എന്തു മാറ്റമാണ് വരുത്തേണ്ടത്?

**പറന്നുവന്നവർ** (പാഠപുസ്തകം, പേജ് 13) **പ്രവർത്തനം - 11**

*സംഭാഷണം എന്ന വ്യവഹാരരൂപത്തിന്റെ മാതൃക പരിചയപ്പെടുക, സംഭാഷണം രൂപീകരിച്ച് പറയുക എന്നിവയാണ് ഈ പ്രവർത്തനത്തിന്റെ ലക്ഷ്യങ്ങൾ.*

കോഴി അരിതിന്നത് കണ്ടുനിന്നവർ ആരൊക്കെയായിരുന്നു? പാഠപുസ്തകത്തിലെ ചിത്രം നിരീക്ഷിച്ച് പറയുന്നു. കുട്ടികൾ പ്രതികരിക്കുന്നു. അവർ കുഞ്ഞിക്കോഴിയോട് എന്തൊക്കെ പറഞ്ഞിരിക്കും? കുട്ടികളുടെ പ്രതികരണം. അപ്പോൾ കുഞ്ഞിക്കോഴി എന്തു പറഞ്ഞിരിക്കും? കുട്ടികളുടെ പ്രതികരണം. കുഞ്ഞിക്കോഴി അരിതിന്നാൻ അവരെ വിളിച്ചു. അവർ ഓരോരുത്തരും കുഞ്ഞിക്കോഴിയുടെ അടുത്തെത്തി. എങ്ങനെയായിരിക്കും അവർ വന്നത്? ആരൊക്കെയായിരിക്കും വന്നത്? (പാഠപുസ്തകം, പേജ് - 13 വായന).

പാഠപുസ്തകത്തിലെ സംഭാഷണഭാഗം ടീച്ചർ വായിച്ചു കൊടുക്കുന്നു.

സംഭാഷണം അവതരിപ്പിക്കുമ്പോൾ എന്തൊക്കെ ശ്രദ്ധിക്കണം?

**സംഭാഷണം** **പ്രവർത്തനം - 12**

- നിത്യേന കുട്ടികൾ ധാരാളം സംഭാഷണങ്ങൾ നടത്താറുണ്ട്. എന്നാൽ സംഭാഷണം എഴുതി അവതരിപ്പിക്കുന്ന രീതി ആദ്യമായാണ് പരിചയപ്പെടുന്നത്.
- വ്യത്യസ്ത കഥാപാത്രങ്ങൾക്കനുസരിച്ച് ഭാവം, ശബ്ദവ്യതിയാനം, ആംഗ്യം എന്നിവയോടെയാവണം അവതരണം.

**രൂപീകരിക്കേണ്ട പാഠം**

- കാക്ക എങ്ങനെയാണ് വന്നത്?
- പറന്നു വന്ന കാക്ക എവിടെ ഇരുന്നു?

**ചാർട്ട് - 1**

കാക്ക പറന്നു വന്നു.
തറയിൽ ഇരുന്നു.

- കാക്കയോട് കുഞ്ഞിക്കോഴി ചോദിച്ചത് എന്ത്?
- കാക്ക പറഞ്ഞ മറുപടി എന്ത്?
- പിന്നീട് കുഞ്ഞിക്കോഴി എന്ത് ചോദിച്ചു?
- കാക്കയുടെ മറുപടിയോ?

ടീച്ചർ ചാർട്ടിൽ എഴുതുന്നു.

**ചാർട്ട് - 2**

| | | |
|---|---|---|
| കുഞ്ഞിക്കോഴി | : | എന്തിനാണ് വന്നത്? |
| കാക്ക | : | വിശന്നിട്ട്. |
| കുഞ്ഞിക്കോഴി | : | നിന്റെ കൂടെവിടെ? |
| കാക്ക | : | അതാ, ആ മരത്തിൽ. |

ഈ പാഠഭാഗത്ത് ത, ര, പ, റ, വ, ന എന്നീ അക്ഷരങ്ങൾക്കാണ് ഊന്നൽ.

- സംഭാഷണ ഭാഗം ചാർട്ട് നോക്കി വായന.
- സ്റ്റിക് പപ്പറ്റ് ഉപയോഗിച്ച് കുട്ടികൾ സംഭാഷണം അവതരിപ്പിക്കുന്നു.



- മറ്റേതൊക്കെ സങ്കേതങ്ങൾ ഉപയോഗിക്കാം?
  - മുഖംമൂടി
  - വിരൽപ്പാവ

**വിലയിരുത്തൽ**

- കുട്ടികളുടെ പങ്കാളിത്തം.
- സംഭാഷണം അവതരിപ്പിക്കുന്നതിലെ മികവ് (ശബ്ദവ്യതിയാനം, ആവശ്യമുള്ളിടത്ത് നിർത്തി, ഭാവം, ആംഗ്യം/ചലനം).



അരി തിന്നാൻ ആരൊക്കെ വന്നു?

ചിത്രം പ്രയോജനപ്പെടുത്തി കുട്ടികൾ പ്രതികരിക്കുന്നു.

'അരി തിന്നാൻ തത്ത വന്നു.' എന്ന് ടീച്ചർ വായിക്കുന്നു.

**അരി തിന്നാൻ പിന്നെ ആര് വന്നു?**

**പ്രാവ് വന്നു** എന്ന് ഉറക്കെപ്പറഞ്ഞുകൊണ്ട് ടീച്ചർ എഴുതുന്നു, വായിക്കുന്നു. (പാഠപുസ്തകം, പേജ് 13) ൽ വിട്ടഭാഗത്ത് കുട്ടികൾ എഴുതുന്നു.



അരി തിന്നാൻ വന്ന തത്തയോട് കുഞ്ഞിക്കോഴി എന്തായിരിക്കും ചോദിച്ചത്? മറുപടി പറഞ്ഞതോ? ഗ്രൂപ്പിൽ ചർച്ച ചെയ്ത് പപ്പറ്റ് ഉപയോഗിച്ച് രണ്ടുപേരുള്ള ഗ്രൂപ്പിൽ സംഭാഷണം അവതരിപ്പിക്കുന്നു.

നിങ്ങൾ പറഞ്ഞത് തന്നെയാണോ അവർ പറഞ്ഞത്?

**പാഠപുസ്തക വായന**

തത്തയുടെ കൂടെവിടെ? കുട്ടികളുടെ പ്രതികരണം.

**പനയിൽ** - ഗ്രാഫിക് എഴുത്ത് പ്രക്രിയ പാലിച്ച് എഴുതുന്നു, വായിക്കുന്നു.

ഇതുപോലെ പ്രാവും കുഞ്ഞിക്കോഴിയും തമ്മിലുള്ള സംഭാഷണം അവതരിപ്പിക്കാൻ കുട്ടികൾക്ക് കഴിയില്ലേ?

തത്തേ, തത്തേ എന്നതുപോലെ പ്രയോഗിക്കാനുള്ള അവസരങ്ങൾ നൽകിക്കൂടേ?

പേശീവികാസം, അഭിനയിച്ചു പാടൽ തുടങ്ങിയവയാണ് ഈ പ്രവർത്തനത്തിലൂടെ ഉദ്ദേശിക്കുന്നത്. കൂടാതെ 'പാറിപ്പാറി'...., പോലുള്ള പ്രയോഗങ്ങൾ തിരിച്ചറിയുന്നതിനും സഹായകമാണ്.

**പ്രവർത്തനം - 13**

പാഠാം

(പാഠപുസ്തകം, പേജ് 13) പാട്ട് ടീച്ചർ അവതരിപ്പിക്കുന്നു.

- പറന്നുവന്നവർ ആരൊക്കെ? അവർ എന്തു ചെയ്തു?

  പാഠപുസ്തകം (പേജ് 14) വായിച്ച് വ്യക്തിഗതമായി കണ്ടെത്തുന്നു.

**അരി തിന്നു.**

എന്നിട്ടോ?

**പാഠപുസ്തകവായന**

**പ്രവർത്തനം - 14**

വയറു നിറഞ്ഞു.......... അവർ വീട്ടിലേക്ക് മടങ്ങി. ടീച്ചർ വായിച്ചുകൊടുക്കുന്നു. കുട്ടികൾ വായിക്കുന്നു.

**പ്രവർത്തനം - 15**

**പറവ പറപറ കളി**

കുട്ടികൾ തത്തകളും പ്രാവുകളുമായി മാറുന്നു. ക്ലാസിന് നടുവിൽ വൃത്തം വരച്ച് വിത്തുകൾ വിതറുന്നു. വരികൾ പാടുന്നതിനനുസരിച്ച് നിശ്ചിത കൂട്ടങ്ങൾ ചിറകുവീശി അഭിനയിച്ച് വൃത്തത്തിലേക്ക് വന്ന് വിത്തുകൾ പെറുക്കി എടുക്കുന്നു. നിശ്ചിതസമയം വിത്ത് പെറുക്കാൻ നൽകിയശേഷം ടീച്ചർ വിസിലടിക്കുന്നു. വിസിൽ കേൾക്കുമ്പോൾ തത്തകൾ പറന്നുപോകണം. ടീച്ചർ പാട്ടുപാടിക്കൊടുക്കുന്നു.

പാറിപ്പാറി പറന്നുപോയി
പച്ചത്തത്ത പനന്തത്ത

ഇതുപോലെ പ്രാവിന്റെ കൂട്ടങ്ങളും പാടി അഭിനയിക്കട്ടെ.

കളി നടക്കുമ്പോൾ ടീച്ചർ എന്തൊക്കെ ശ്രദ്ധിക്കണം?

- വിത്തുകൾ വാരിയെടുക്കരുത്, ഓരോന്നായി പെറുക്കിയെടുക്കണം. വിത്തിന്റെ കൂട്ടങ്ങളെ താരതമ്യം ചെയ്ത് കൂടുതൽ/കുറവ് കണ്ടെത്താനുള്ള ഗണിതസാധ്യത ഉപയോഗപ്പെടുത്തിക്കൂടേ?

പാറിപ്പാറി പറന്നു വന്നു
പച്ചത്തത്ത പനന്തത്ത
പാറിപ്പാറി പറന്നുപോയി
പച്ചത്തത്ത പനന്തത്ത

**പ്രവർത്തനം - 16**

**വരച്ച് യോജിപ്പിക്കാം**
(വീട്ടിലേക്ക് മടങ്ങിയവർ ആരൊക്കെ?)

*മറ്റു ജീവികൾക്കും പാർപ്പിടങ്ങളുണ്ട് എന്ന ആശയരൂപീകരണത്തിനുള്ള പ്രവർത്തനമാണിത്.*

പാഠപുസ്തകത്തിലെ (പേജ് 14) 'വരച്ചു യോജിപ്പിക്കാം' എന്ന പ്രവർത്തനം എങ്ങനെ ചെയ്യാം?

നിരീക്ഷിക്കാനും കണ്ടെത്തിയ കാര്യങ്ങൾ പറയാനുമുള്ള അവസരമല്ലേ നൽകേണ്ടത്? നിരീക്ഷണത്തിന് പ്രേരിപ്പിക്കുന്ന ചോദ്യങ്ങൾ എങ്ങനെയൊക്കെയാവാം?



- വീട്ടിലേക്ക് മടങ്ങിയവർ ആരെല്ലാം?
- എല്ലാവരും ഒരു വീട്ടിലേക്കാണോ പോയത്?
  പാഠപുസ്തകത്തിലെ പ്രവർത്തനം പൂർത്തീകരിക്കുന്നു.
- ചിത്രത്തിൽ ഏതൊക്കെ ജീവികളുടെ പാർപ്പിടങ്ങളുണ്ട്.?
- പാർപ്പിടങ്ങളെക്കുറിച്ച് കുട്ടികൾ എന്തൊക്കെ പറയും?
  - സ്ഥാനം
  - വലുപ്പം
  - ആകൃതി
  - 

പഠനപ്രശ്നം അവതരിപ്പിക്കുന്നു.

- എല്ലാ ജീവികൾക്കും പാർപ്പിടങ്ങളുണ്ടോ?
- സ്കൂൾ പരിസരത്ത് ഏതൊക്കെ ജീവികൾ കൂടുവച്ചിട്ടുണ്ട്?

വിവരശേഖരണത്തിന് എന്തൊക്കെ മാർഗങ്ങൾ സ്വീകരിക്കാം?

- പരിസരനിരീക്ഷണം
- റിസോഴ്സ് സിഡികൾ
- ചിത്രങ്ങൾ

നിരീക്ഷണാനുഭവങ്ങൾ പങ്കുവയ്ക്കാൻ കുട്ടികൾക്ക് അവസരം നൽകേണ്ടേ?

എന്തൊക്കെ?

- സ്വന്തം അനുഭവങ്ങൾ
- ക്ലാസ് ചർച്ച- ടീച്ചർ ക്രോഡീകരിക്കുന്നു - നിഗമനം രൂപീകരിക്കുന്നു.
- നിരീക്ഷിച്ച കാര്യങ്ങൾ രേഖപ്പെടുത്താൻ കുട്ടികൾക്കു കഴിയുമോ?
- നിരീക്ഷിച്ച ജീവികളുടെ ചിത്രം വരച്ചുകൂടേ? (നോട്ട്ബുക്കിൽ)




നിങ്ങളുടെ വിദ്യാലയത്തിൽ കൂടുകളുടെ ശേഖരമുണ്ടോ?



**വായിക്കാം** (പാഠപുസ്തകം, പേജ് 14) **പ്രവർത്തനം - 17**

- കേവലമായ വായനാ പ്രവർത്തനം മാത്രമല്ല ഇവിടെ ഉദ്ദേശിക്കുന്നത്. ആശയാവതരണ രീതിയിൽ പദങ്ങളിലെ അക്ഷരങ്ങൾ വേർതിരിക്കാനും വായിക്കാനും അക്ഷരങ്ങൾ ചേർത്ത് അർഥപൂർണമായ പുതിയ വാക്കുകൾ നിർമിക്കാനും അവസരം ലഭിക്കേണ്ടതുണ്ട്.
- എത്ര കുട്ടികൾക്ക് പദങ്ങൾ തിരിച്ചറിഞ്ഞ് വായിക്കാൻ കഴിഞ്ഞു?
- വായിക്കാൻ പ്രയാസം നേരിടുന്നവരെ എങ്ങനെയൊക്കെ സഹായിക്കാം?
  - ഓരോ പദവും ഉറക്കെ പറഞ്ഞുകൊണ്ട് കുട്ടികൾ കാണത്തക്കവിധം ടീച്ചർ ബോർഡിൽ എഴുതൽ.
  - മുൻകൂട്ടി തയാറാക്കിയ പദക്കാർഡുകൾ വായിക്കൽ.
  - പദങ്ങളിലെ അക്ഷരങ്ങൾ മുറിച്ച് വേർതിരിച്ച് പ്രത്യേകം പ്രത്യേകമായി വായിക്കൽ - കുട്ടികളുടെ വായന.
  - അക്ഷരക്കാർഡുകൾ ചേർത്തുവച്ച് പദനിർമാണം. പുതിയ പദങ്ങൾ ചേർത്തുവച്ച് പുതിയ വാക്യനിർമാണം.

    പത അറ പറ തറി വരി വിരി

    തന്നു പറന്നു തരി നരി
  - പുതിയതായി നിർമിച്ച പദങ്ങൾ ഉപയോഗിച്ച് വാക്യങ്ങൾ നിർമിക്കാൻ അവസരം നൽകണം.

| വന്നു | തിന്നു | തുറന്നു | നിന്നു |
|---|---|---|---|

തുടങ്ങിയ വാക്കുകൾ ഉൾപ്പെടുത്തി വാക്യങ്ങൾ നിർമിച്ചു പറയാൻ അവസരം നൽകാം.

**വാക്യങ്ങൾ ഉണ്ടാക്കാം**

പ്രവർത്തനം - 18

(പാഠപുസ്തകം, പേജ് 15)




ഓരോരുത്തരും എങ്ങനെയൊക്കെയാവും കൂട്ടിലേക്കു പോയത്?

തത്ത എങ്ങനെയാണ് വന്നത്?

തത്ത പാറിപ്പാറി വന്നു.

തവള, മുയൽ, ആന, മൈന, തത്ത എന്നീ കഥാപാത്രങ്ങളായി കുട്ടികൾ മാറുന്നു. ഓരോരുത്തരും എങ്ങനെ വന്നുവെന്ന് അഭിനയിച്ചു കാണിക്കണം.

വന്നു - വരുന്നു എന്നീ ക്രിയകൾ വെവ്വേറെ സന്ദർഭങ്ങളിൽ അവതരിപ്പിക്കുന്നതല്ലേ നല്ലത്?

'പോയി' എന്നതോ?

കളിക്കുശേഷം പാഠപുസ്തകത്തിലെ പേജ് 15-ലെ 'വാക്യങ്ങൾ ഉണ്ടാക്കാം' എന്ന ഭാഗം ടീച്ചറും കുട്ടികളും വായിക്കുന്നു. ലിഖിതരൂപം നോക്കി എഴുത്തിലൂടെ പൂരിപ്പിച്ച് എഴുതുന്നു.

**വരികൾ കൂട്ടിച്ചേർത്തു പാടാം**

പ്രവർത്തനം - 19

(പാഠപുസ്തകം, പേജ് - 15)

*'ജീവികൾ പലതരം, കൂടുകൾ പലതരം' എന്ന ആശയം ഉറപ്പിക്കാനും താളം പരിഗണിച്ച് വരികൾ കൂട്ടിച്ചേർത്ത് പാടാനും ഉദ്ദേശിച്ചാണ് ഈ പ്രവർത്തനം.*

പാട്ട് ചാർട്ടിൽ എഴുതി പ്രദർശിപ്പിക്കുന്നു.

പാട്ട് അവതരണം.

കുട്ടികൾ സംഘമായി പാടുന്നു.

ഗ്രൂപ്പുകളിൽ 4 വരി ഈണത്തിൽ പാടാനുള്ള അവസരം നൽകണം.

ആലാപനം വിലയിരുത്താൻ എന്തൊക്കെ സൂചകങ്ങൾ വേണം?

- താളം പരിഗണിച്ച്
- ഉച്ചാരണശുദ്ധി
- നിർത്തേണ്ടിടത്ത് നിർത്തുന്നുണ്ട്.

**ടീച്ചർ വേർഷൻ**

ഉറുമ്പിനുണ്ടൊരു കൂട്<br>
ഇലകൾകൊണ്ടൊരു കൂട്<br>
ചിതലിനുണ്ടൊരു കൂട്<br>
മണ്ണുകൊണ്ടൊരു കൂട്<br>
ജീവികൾ പലതരമുണ്ടല്ലോ<br>
കൂടുകൾ പലതരമാണല്ലോ.

വരികൾ നിർമിച്ചു പാടാൻ എന്തൊക്കെ സൂചനകളാണ് ടീച്ചർ നൽകുക?

- ചിത്രത്തിന്റെ നിരീക്ഷണസാധ്യത പ്രയോജനപ്പെടുത്താനാവില്ലേ?
- നേരത്തേ പ്രകൃതിനിരീക്ഷണത്തിലൂടെ കണ്ടെത്തിയ കാര്യങ്ങൾ പ്രയോജനപ്പെടുത്തിക്കൂടേ? കൂടുകൾ നിർമിച്ചിരിക്കുന്ന വസ്തുക്കളെക്കുറിച്ചുള്ള ചർച്ച ക്ലാസിൽ നടത്തേണ്ടേ?

**വിലയിരുത്തൽ**




ജീവികളും കൂട് നിർമിക്കാനുപയോഗിച്ച വസ്തുക്കളും ചേർത്ത് വരികൾ നിർമിക്കാൻ എത്ര പേർക്ക് കഴിഞ്ഞു? ആലാപനം മെച്ചപ്പെടുത്താൻ കഴിഞ്ഞവരോ?

- ചിത്രത്തിനടിയിൽ പേരെഴുതാൻ അവസരം നൽകേണ്ടേ?

ജീവികൾ പലതരം - കൂടുകളും പലതരം - ഈ ആശയം കുട്ടിക്ക് ലഭിക്കേണ്ടതാണ്.

**വഴി വരയ്ക്കാം** പ്രവർത്തനം - 20

*സൂക്ഷ്മപേശികളുടെ വഴക്കം ഉറപ്പാക്കുന്നതിന് ഈ പ്രവർത്തനം പ്രയോജനപ്പെടുത്തണം. പ്രാക് ലേഖനപ്രവർത്തനത്തിന്റെ ഭാഗമായി ആലേഖനക്രമം ശീലിക്കുന്നതിനും ഈ പ്രവർത്തനം സഹായകമാണ്.*

ഇതുപോലെ മറ്റെന്തൊക്കെ സാധ്യതകളുണ്ട്?

- വായുവിൽ കൈകൊണ്ട് എഴുതൽ.
- മണലിൽ എഴുതൽ/തറയിൽ എഴുതൽ.
- വെള്ളത്തിൽ വിരൽ മുക്കി സ്ലേറ്റിൽ എഴുതൽ.
- കുത്തുകൾ യോജിപ്പിച്ചു വരയ്ക്കൽ.
-
-

**വീടുണ്ടാക്കാം** പ്രവർത്തനം - 21

*പേശീവികാസം, ക്രിയാത്മകവും സർഗാത്മകവുമായ വികാസം എന്നിവയാണ് ഈ പ്രവർത്തനത്തിന്റെ ലക്ഷ്യം.*

തീപ്പെട്ടിക്കൂടുകൾ ചേർത്തുവച്ച് വീട് നിർമിക്കുന്ന പ്രവർത്തനം ക്ലാസിൽ നൽകുന്നതിന് എന്തൊക്കെ മുന്നൊരുക്കങ്ങൾ ആവശ്യമാണ്?

പകരം മറ്റെന്തൊക്കെ വസ്തുക്കൾ ഉപയോഗിക്കാം? ക്ലാസിലെ ശേഖരത്തിൽ എന്തൊക്കെ വസ്തുക്കൾ ആവാം?



- ഈർക്കിലുകൾ
- വിവിധതരം പെട്ടികൾ
-
-
-
-

നിർമാണപ്രവർത്തനങ്ങളിൽ മറ്റെന്തൊക്കെയാവാം?

- ഒറിഗാമി വീട്
- ഈർക്കിൽ വീട്
- തറയിൽ ചിത്രം വരച്ച് വരയിലൂടെ മഞ്ചാടി വയ്ക്കൽ, ഔട്ട്‌ലൈൻ വരച്ച് കടലാസ് കീറി ഒട്ടിക്കൽ.

**അയ്യോ പരുന്ത്** (പാഠപുസ്തകം, പേജ് 17) പ്രവർത്തനം - 22

*വീടുകൊണ്ട് പല പ്രയോജനങ്ങളുമുണ്ടെന്ന ആശയരൂപീകരണത്തിലേക്ക് നയിക്കുന്ന ആഖ്യാനഭാഗമാണിത്.*

ഭാവം ഉൾക്കൊണ്ട് ഉചിതമായ ശബ്ദവ്യതിയാനത്തോടെ ടീച്ചർ വായിച്ചവതരിപ്പിക്കണം.

"പട.........പട....................
........................................
തള്ളക്കോഴി പറഞ്ഞു."

- എന്ത് ശബ്ദത്തോടെയാണ് പരുന്ത് വന്നത്?

| |
|---|
| പട... പട... പട....പട<br>പരുന്ത് വന്നു. |

- പരുന്ത് വന്നപ്പോൾ പേടിച്ചുവിറച്ച കുഞ്ഞിക്കോഴി എന്തു ചെയ്തു?

| |
|---|
| കുഞ്ഞിക്കോഴി ഒളിച്ചു. |

കുഞ്ഞിക്കോഴി എവിടെയാണ് ഒളിച്ചത്?

| |
|---|
| അമ്മയുടെ ചിറകിൽ. |

അമ്മക്കോഴി എന്താണ് പറഞ്ഞത്?

| |
|---|
| വീട്ടിൽ പോകാം,<br>അമ്മ പറഞ്ഞു. |

ടെക്സ്റ്റ് രൂപീകരിച്ച് ടീച്ചറും കുട്ടികളും വായിക്കുന്നു.

**വീടെന്തിന്?** പ്രവർത്തനം - 23

**വീടിന്റെ ആവശ്യകത തിരിച്ചറിയാനുള്ള പ്രവർത്തനമാണിത്.**

വീടുകൊണ്ടുള്ള പ്രയോജനങ്ങൾ എന്തൊക്കെ? കുട്ടികളുടെ പ്രതികരണങ്ങൾ.

തള്ളക്കോഴിയുടെ പ്രതികരണം അറിയേണ്ടേ? ടീച്ചറുടെ സഹായത്തോടെ വായിച്ചു കണ്ടെത്തുന്നു

വീടുകൊണ്ട് മറ്റെന്തൊക്കെ പ്രയോജനങ്ങൾ? ചർച്ച - ആശയരൂപീകരണം

**ആഖ്യാനം**

എന്റെ വീടുപോലെയാണോ താരയുടെ വീടും? കുഞ്ഞിക്കോഴി താരയോട് ചോദിച്ചു. കുഞ്ഞിക്കോഴിയെ താരയുടെ വീട്ടിൽ കയറ്റിയിട്ടുണ്ടാവുമോ?

**വായന** (പാഠപുസ്തകം, പേജ് 18)

*വിവിധ വീട്ടുപകരണങ്ങൾ ഏതൊക്കെയെന്ന് തിരിച്ചറിയാനും തരംതിരിച്ചറിയാനുമുള്ള പ്രവർത്തനമാണിത്.*

ഏതൊക്കെ മുറികളാണ് താരയുടെ വീട്ടിൽ കുഞ്ഞിക്കോഴി കണ്ടിട്ടുണ്ടാവുക? ചർച്ച.

- ആശയരൂപീകരണം.
- അടുക്കള, കിടപ്പുമുറി, ഭക്ഷണമുറി, .... ഇതൊക്കെ പറയില്ലേ?
- കുഞ്ഞിക്കോഴി അടുക്കളയിൽ എന്തൊക്കെ കണ്ടിരിക്കും?

**പറയാം**

കുട്ടികൾ പ്രതികരിക്കുന്നു.

- നിങ്ങളുടെ വീട്ടിലെ അടുക്കളയിലോ?
- കുട്ടികൾ പറഞ്ഞവയിൽ എന്തൊക്കെ ഈ ചിത്രത്തിലുണ്ട്?

ചിത്രം നിരീക്ഷിച്ച് കണ്ടെത്തുന്നു. പറയുന്നു.

- ചിത്രത്തിലുള്ള എല്ലാ ഉപകരണങ്ങളും അടുക്കളയിലുപയോഗിക്കുന്നവയാണോ?
- ചിത്രത്തിലെ ഉപകരണങ്ങളുടെ പേരുകൾ കുട്ടികൾക്കറിയാമെന്ന് ഉറപ്പുവരുത്തുന്നു.
- ഉപകരണങ്ങളുടെ പേരുകൾ ചർച്ചയിലൂടെ ചാർട്ടിൽ എഴുതുന്നു.

**വട്ടം വരയ്ക്കാം** പ്രവർത്തനം - 23

വ്യക്തിഗതമായി അടുക്കള ഉപകരണങ്ങൾക്കു ചുറ്റും വട്ടം വരയ്ക്കുന്നു. - എല്ലാവരും ചെയ്തത് ഒരുപോലെയാണോ? അടുത്തിരിക്കുന്ന രണ്ടുപേരുള്ള ഗ്രൂപ്പിൽ പരിശോധിക്കുന്നു.

ടീച്ചർ വിലയിരുത്തൽ, പരസ്പരവിലയിരുത്തൽ.

ടീച്ചർ ഒരു കുട്ടിയോട് അവൻ/അവൾ വട്ടം വരച്ച ചിത്രത്തിന്റെ പേരു പറയാൻ ആവശ്യപ്പെടുന്നു. ഇതേ ചിത്രത്തിന് വട്ടം വരച്ച മറ്റുള്ളവരോടു കൈ പൊക്കാൻ നിർദേശി

ക്കുന്നു. ഇങ്ങനെ എല്ലാ ചിത്രങ്ങളെക്കുറിച്ചും ചോദിക്കുന്നു. കുട്ടികൾ യുക്തി വിശദീകരിക്കട്ടെ. ഇത് ചെയ്യുമ്പോൾ ടീച്ചർ തന്റെ ചാർട്ടിലെ ഉപകരണത്തിന്റെ പേരിനു ചുറ്റും വരയ്ക്കണം.

- ആമുഖചിത്രത്തിൽ നിങ്ങൾക്കു പരിചയമുള്ള ഏതെങ്കിലും ഉപകരണങ്ങളുണ്ടോ? കണ്ടെത്തി പറയുന്നു.

### കുട്ടികളെ വീട്ടിലെത്തിക്കാമോ?

പ്രവർത്തനം - 24

*വീടുകൾ പലതരമുണ്ടെന്ന ആശയത്തെ ഉദ്ദേശിച്ചുള്ള പ്രവർത്തനമാണിത്. വഴി കണ്ടെത്തി വരയ്ക്കുന്നതിലൂടെ സൂക്ഷ്മപേശികളുടെ വഴക്കവും കുട്ടിയിലുണ്ടാകുന്നു.*

പാഠപുസ്തകത്തിലെ (പേജ് 20) വഴികണ്ടെത്തൽ പൂർത്തിയാക്കാൻ നിർദേശിക്കുന്നു. ശരിയായ വഴി കണ്ടെത്തിയവർ ആരൊക്കെ? പഠനപ്രശ്നം അവതരിപ്പിക്കുന്നു.

> വിവിധ തരം വീടുകളുടെ ചിത്രങ്ങൾ ശേഖരിച്ച് ഒട്ടിച്ചുകൂടേ? വലിയ ബുക്കിന്റെ ഭാഗമായി ഇത് പ്രയോജനപ്പെടുത്തുമല്ലോ?

- ചിത്രത്തിലെ വീടുകൾ എല്ലാം ഒരുപോലെയാണോ?
- വീടുകളുടെ വൈവിധ്യം പരിചയപ്പെടുത്താൻ എന്തൊക്കെ തന്ത്രങ്ങൾ സ്വീകരിക്കാം?
- ഫീൽഡ്ട്രിപ്പ്
- മാതൃക പരിചയപ്പെടുത്തൽ
- ദൃശ്യങ്ങൾ/വീഡിയോ
- ചിത്രങ്ങൾ




ചർച്ച, ആശയരൂപീകരണം (വീടുകൾ പലതരത്തിലുണ്ട്).

വ്യത്യസ്ത തരം വീടുകളുടെ ചിത്രം നോട്ട്ബുക്കിൽ വരയ്ക്കുന്നു.

### സ്നേഹമുള്ള വീട്ടുകാർ

(പാഠപുസ്തകം, പേജ് 20)

പ്രവർത്തനം - 25

*ജീവിതനൈപുണി വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട് കുടുംബാംഗങ്ങൾ, അവരുടെ പരസ്പരാശ്രിതത്വം എന്നിവ ബോധ്യപ്പെടാനുള്ള പ്രവർത്തനമാണിത്.*

ഈ വർക്ക് ഷീറ്റ് പൂർത്തിയാക്കി തുടർന്നുള്ള ചർച്ചയിലൂടെ ഈ നൈപുണികൾ ആർജിക്കുന്നതിന് കഴിയുനേടണം. കുടുംബത്തിൽ എത്ര അംഗങ്ങളുണ്ട്, അംഗങ്ങൾക്ക് ചില ചുമതലകളുണ്ട് എന്നീ ആശയങ്ങൾ ഇതിലൂടെ രൂപപ്പെടണം.

- ചിത്രം നിരീക്ഷിച്ച് താരയുടെ കുടുംബാംഗങ്ങൾ ആരൊക്കെ എന്നു കണ്ടെത്തുന്നു.
- പാഠപുസ്തകം ടീച്ചറും കുട്ടികളും ചേർന്ന് വായിച്ചു കണ്ടെത്തുന്നു.

ഒന്നാമത്തെ പ്രസ്താവന ടീച്ചർ വായിക്കുന്നു.

"പുസ്തകങ്ങൾ വാങ്ങിത്തരും."

ഇത് ഏതു നിറത്തിലാണ്? ആ നിറത്തിലുള്ള ക്രയോൺ എല്ലാവരും എടുക്കട്ടെ. മുകളിൽ കൊടുത്ത ചിത്രത്തിലെ ആരാണ്/ആരൊക്കെയാണ് ഈ കാര്യം ചെയ്തു തരുന്നത്?

ആ ആളുടെ ചിത്രത്തിനടിയിലുള്ള ഒരു കളത്തിൽ ആ നിറം കൊടുക്കണം. ഒന്നിലധികം പേർ വാങ്ങിത്തരുന്നുണ്ടെങ്കിൽ അവരുടെ ചിത്രത്തിനടിയിലെ കളത്തിലും നിറം നൽകാം. ഇങ്ങനെ ഓരോ പ്രസ്താവനയും വായിച്ച് പ്രവർത്തനം ആവർത്തിക്കുന്നു.

- കുട്ടികൾ അവരുടെ വീട്ടിൽ ആരൊക്കെയുണ്ടെന്ന് പറയുന്നു. അവർ ഓരോരുത്തരും എന്തൊക്കെയാണ് ചെയ്തിരുന്നത്?- ചർച്ച.

നോട്ട്ബുക്കിൽ സ്വന്തം വീട്ടിലെ അംഗങ്ങളെ വരയ്ക്കട്ടെ. ബന്ധവും എഴുതട്ടെ. താഴെ കളങ്ങൾ വരച്ച് നിറം നൽകട്ടെ.



ഏതു കുടുംബാംഗത്തിന്റെ താഴെയുള്ള കളങ്ങളിലാണ് കൂടുതൽ നിറം ലഭിച്ചത്? കുറവോ?

**പാടാം, രസിക്കാം** (പാഠപുസ്തകം, പേജ് 24) — പ്രവർത്തനം - 26

*കുടുംബം എന്ന ആശയംവരുന്ന ഈ കവിത താളത്തിൽ പാടി രസിക്കാനുള്ളതാണ്.*

കൂടാതെ പഠിച്ച അക്ഷരങ്ങൾക്ക് കൂടുതൽ തെളിവുകൾ നൽകാനും പ്രയോജനപ്പെടുത്താവുന്നതാണ്.

**വരച്ചുയോജിപ്പിക്കാം** (വർക്ക്ഷീറ്റ്, പേജ് 21) — പ്രവർത്തനം - 27

*കുടുംബാംഗങ്ങളുടെ ജോലികൾ, ഉത്തരവാദിത്തങ്ങൾ എന്നിവയെക്കുറിച്ച് അറിയുന്നതിനും ജോലികൾ ചെയ്യുന്നതിന് പരസ്പരം സഹായിക്കേണ്ടതാണെന്ന മനോഭാവം രൂപപ്പെടുത്തുന്നതിനും ഈ പ്രവർത്തനം സഹായകമാണ്.*

നിങ്ങൾക്ക് എന്തൊക്കെ സഹായങ്ങൾ മറ്റു കുടുംബാംഗങ്ങൾ ചെയ്തു തരുന്നുണ്ട് എന്ന് കണ്ടല്ലോ.


- വീട്ടിലെ ജോലികളെല്ലാം ചെയ്യുന്നത് ആരാണ്?
- എല്ലാ ജോലികളും ഒരാൾ തന്നെ ചെയ്യുകയാണെങ്കിൽ എന്തെല്ലാം പ്രയാസങ്ങളുണ്ടാകും?
- ഇനി മുതൽ നിങ്ങൾ സഹായിക്കുന്ന ജോലികൾ ഏതൊക്കെയായിരിക്കും?
- ചിത്രത്തിൽ എന്തൊക്കെ ജോലികളാണു കാണുന്നത്?
- നടുവിലെ വൃത്തത്തിൽ സ്വന്തം ചിത്രം വരയ്ക്കാൻ നിർദേശിക്കുന്നു.
- നിങ്ങൾക്ക് സഹായിക്കാൻ കഴിയുന്ന ജോലികൾ ഏതൊക്കെയാണ്? - അതിനു നേരെ വരച്ച് യോജിപ്പിക്കൂ.

**മൈമിങ്** — പ്രവർത്തനം - 28

വീട്ടുജോലികൾ ഒരാൾ മൈം ചെയ്തു കാണിക്കുമ്പോൾ മറ്റുള്ളവർ ജോലി ഏതെന്ന് പറയൽ.

**കുഞ്ഞിക്കിളിയെ കൂട്ടിലെത്തിക്കാം - പേജ് 22** — പ്രവർത്തനം - 29

- കളങ്ങളിലെ ചിത്രങ്ങൾ ഏതൊക്കെയാണ്?
- വായന വിലയിരുത്താൻ ഈ പ്രവർത്തനം പ്രയോജനപ്പെടുത്താം. അവയുടെ പേര് മരത്തടിയിലെ കളങ്ങളിൽ എഴുതിയത് കണ്ടെത്തുന്നു. - താര - പന - തവള - പറവ - കൂട് - വല - വീട് - തത്ത - പേന - ചിരവ - ഈ പദങ്ങൾ എഴുതിയ കളത്തിൽ മഞ്ഞനിറം നൽകാൻ നിർദേശിക്കുന്നു. (കൂട്ടിലേക്കുള്ള വഴി തെളിഞ്ഞുവരും.)



മരത്തിലെ മറ്റ് ഏതെല്ലാം വാക്കുകൾ വായിക്കാൻ കഴിയും?

**പേരെഴുതാം** (പേജ് 23) — പ്രവർത്തനം - 30

ഈ പാഠത്തിൽ പഠിച്ച അക്ഷരങ്ങൾ ഉപയോഗിച്ച് പൂരിപ്പിക്കുന്ന പ്രവർത്തനം - മൂല്യനിർണയ പ്രവർത്തനമായാണ് ഇതിനെ പരിഗണിക്കേണ്ടത്. വ്യക്തിഗതമായി, ടീച്ചറുടെ


നോട്ട്ബുക്കിലേക്ക്

സഹായം കൂടാതെ തന്നെ ചെയ്യാൻ കഴിയണം. (മിന്നൽ - വന്നു - ഉച്ചാരണ വ്യത്യാസം കുട്ടികൾ എങ്ങനെയാണ് തിരിച്ചറിയുക?)

പാഠപുസ്തകത്തിൽ പൂരിപ്പിച്ചശേഷം നോട്ട്ബുക്കിൽ പദങ്ങൾ എഴുതട്ടെ.

**ചങ്ങാതിത്തത്ത** (പേജ് 25) **പ്രവർത്തനം - 30**

ഓരോ യൂണിറ്റിനു ശേഷവും ആ പാഠത്തിൽ ഊന്നൽ നൽകുന്ന അക്ഷരങ്ങളാണ് 'ചങ്ങാതിത്തത്ത'യിൽ നൽകിയിട്ടുള്ളത്.

നോട്ട്ബുക്കിൽ ഈ അക്ഷരങ്ങൾ വരുന്ന പദങ്ങൾ എഴുതാനും വളരുന്ന പദശേഖരമായി മാറ്റാനും ശ്രമിക്കണം.

അക്ഷരപുസ്തക (Alphabet book) ത്തിന്റെ സാധ്യത ഉപയോഗിച്ചുകൂടേ?

ഓരോ വാക്കും വരുന്ന വാക്യങ്ങൾ കുട്ടികളെക്കൊണ്ട് പറയിപ്പിക്കണം.

ര, റ, ത, ന, പ, വ, ന്ന എന്നീ അക്ഷരങ്ങൾ വരുന്ന വാക്കുകളുടെ സാധ്യതാപട്ടിക തയാറാക്കുന്നത് പ്രയോജനകരമാവില്ലേ?

ഈ യൂണിറ്റിൽ രൂപീകരിക്കുന്ന പാഠങ്ങൾ (Evolving texts) ബിഗ്ബുക്കിലെ പേജുകളിൽ ക്രമീകരിക്കുന്നതെങ്ങനെയാവാം?

**വളരുന്ന അക്ഷരപുസ്തകം (Alphabet book)**

ഓരോ യൂണിറ്റിലും ഊന്നൽ നൽകുന്ന അക്ഷരങ്ങൾ, ചിഹ്നങ്ങൾ എന്നിവ സ്വായത്തമാക്കിയ കുട്ടികൾ അവ ചേർന്നു വരുന്ന പദങ്ങൾ രേഖപ്പെടുത്തിവയ്ക്കാനുള്ള വളരുന്ന ഒരു പുസ്തകമാണിത്. ആദ്യഘട്ടത്തിൽ പദങ്ങൾ മാത്രം എഴുതുന്ന കുട്ടിയെ ക്രമേണ വാക്യങ്ങളിലേക്കും ലഘുവായ വ്യവഹാരരൂപങ്ങളിലേക്കും വളരുന്ന തരത്തിൽ നയിക്കാൻ ടീച്ചർക്കാവണം. അക്ഷരപുസ്തകത്തിൽ കുട്ടികൾ ചിത്രങ്ങൾ വരച്ചുചേർത്തോ പത്രമാസികകളിൽ നിന്ന് മുറിച്ചെടുത്ത ചിത്രങ്ങൾ ഒട്ടിച്ചുചേർത്തോ പേജുകൾ ഭംഗിയാക്കാനും അവസരം നൽകാം. ഓരോ കുട്ടിയുടെയും അനുഭവതലങ്ങൾ വ്യത്യസ്തമായതുകൊണ്ടുതന്നെ അവന്റെ/അവളുടെ അക്ഷരപുസ്തകത്തിലെ ഉള്ളടക്കവും വ്യത്യസ്തമായിരിക്കുമല്ലോ. അക്ഷരങ്ങൾ ആവർത്തിച്ചു വരുന്ന പദങ്ങൾ, വാക്യങ്ങൾ, വ്യവഹാരരൂപങ്ങൾ എന്നിവ രേഖപ്പെടുത്താൻ ഒന്നോ ഒന്നിലധികമോ പേജുകൾ നൽകാം. കുട്ടി സ്വന്തം ഇഷ്ടപ്രകാരം മാത്രമേ രേഖപ്പെടുത്തലുകൾ വരുത്തേണ്ടതുള്ളൂ. ഇത് യാതൊരുവിധ വിലയിരുത്തലിനും വിധേയമാക്കേണ്ടതില്ല. രക്ഷിതാവിന്റെയോ മറ്റുള്ളവരുടെയോ അമിതമായ ഇടപെടലിലൂടെ ഉള്ളടക്കം വർധിപ്പിക്കാനുള്ള സാധ്യത അക്ഷരപുസ്തകത്തിന്റെ ലക്ഷ്യം പരിമിതപ്പെടുത്തും. A4 പേജിന്റെ പകുതി വലുപ്പമുള്ള പേജുകൾ ഉപയോഗിക്കുന്നതാണ് ഉചിതം. പേജുകൾ പഞ്ച്ചെയ്ത് കെട്ടുകളാക്കിയോ ഒട്ടിച്ചു ചേർത്തോ പുസ്തകം സൂക്ഷിക്കാവുന്നതാണ്. ക്ലാസിനു പൊതുവായും അക്ഷരപുസ്തകങ്ങൾ തയാറാക്കാവുന്നതാണ്.

1. **വീട് നല്ല വീട്**
താര വന്നു.
അരി വിതറി.
കുഞ്ഞിക്കോഴി തിന്നു.

2. പരുന്ത് കണ്ടു.
കാക്ക കണ്ടു.
തത്ത കണ്ടു.

3. കാക്ക പറന്നു വന്നു.
തറയിൽ ഇരുന്നു.

4. കുഞ്ഞിക്കോഴി : എന്തിനാ വന്നത്?
കാക്ക: വിശന്നിട്ട്.
കുഞ്ഞിക്കോഴി : നിന്റെ കൂടെവിടെ?
കാക്ക: അതാ, ആ മരത്തിൽ.

5. പട...പട...പട...പട...
പരുന്ത് വന്നു
കുഞ്ഞിക്കോഴി ഒളിച്ചു.
അമ്മയുടെ ചിറകിൽ.

6. വീട്ടിൽ പോകാം.
അമ്മ പറഞ്ഞു.